# കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - കൊടിയത്തൂർ ഗവ: യു.പി.സ്കൂൾ ഗ്രൗണ്ടിന് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.**

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3121/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 23, 2009.

---

പരാമർശം: 1. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 02-08-2008-ലെ 118/08-ാം നമ്പർ തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 29-10-2009-ലെ സി.2-27868/09-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് യു.പി.സ്കൂളിലെ കുട്ടികൾക്ക് കളിക്കുന്നതിനും അസംബ്ലി ചേരുന്നതിനും പര്യാപ്തമായ ഗ്രൗണ്ടില്ലാത്തതിനാൽ പ്രസ്തുത സ്കൂളിനോട് ചേർന്ന് കിടക്കുന്നതും 90 വർഷമായി കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതുമായ റീസർവ്വേ 12/7-ൽപ്പെട്ട 30.15 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. ഗ്രാമപഞ്ചായത്തിന്റെ തീരുമാനം പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായ പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് യു.പി.സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി കൊടിയത്തൂർ വില്ലേജിൽ റീസർവ്വേ 12/7-ൽപ്പെട്ട 30.15 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന്, ഇത് സംബന്ധിച്ച് സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) /(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.